ഘടിപ്പിച്ചിട്ടുണ്ട്. അതേസമയം ഇതിൽ ബ്ലഡ് നൽകുന്നതിന് ഉൾപ്പെടെ ആകുമ്പോൾ അതിന് കുറച്ചുകൂടി ചെലവ് കൂടും. അതേസമയത്ത് ബി.എൽ.എസ്. ആംബുലൻസെന്നു പറയുന്നത് കുറച്ചുകൂടി കോസ്റ്റ് കുറഞ്ഞ ആംബുലൻസാണ്. നമ്മുടെ സംസ്ഥാനത്ത് രണ്ടു തരത്തിലുള്ള ആംബുലൻസും ആവശ്യമാണ്. എ.എൽ.എസ് ആംബുലൻസും ബി.എൽ.എസ്. ആംബുലൻസും. ബ്ലഡിംഗിനു കൂടി സൗകര്യപ്പെടുന്ന വിധത്തിൽ ഒരു വാഹനം ഇപ്പോൾ സെൻട്രൽ ഗവൺമെന്റിൽനിന്ന് കിട്ടിയിട്ടുണ്ട്. അത് ബ്ലഡിംഗിനൊക്കെ പറ്റുന്നതാണ്. ഇപ്പോഴുള്ള ആംബുലൻസിന് ആ സൗകര്യമില്ല. മറ്റെല്ലാതരത്തിലുമുള്ള പ്രഥമിക ശുശ്രൂഷയ്ക്കുള്ള സൗകര്യമുണ്ട്. അതും ഭാവിയിൽ പരിശോധിക്കാവുന്നതാണ്, നല്ല ഒരു അഭിപ്രായമാണ്.

## IV സബ്മിഷൻ

### (1) ഫെയർസ്റ്റേജ് അനുവദിക്കാൻ നടപടി

ശ്രീ. മാത്യൂ തോമസ്: സർ, തൃശ്ശൂർ-പാലക്കാട് ദേശീയ പാതയിൽ കെ. എസ്. ആർ. ടി. സി. സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് ഇപ്പോൾ ഫെയർ സ്റ്റേജ് സ്റ്റോപ്പുകൾ ഇല്ല. തൃശ്ശൂർ ട്രാൻസ്പോർട്ട് സ്റ്റാന്റിൽനിന്നും ബസ് പുറപ്പെട്ടാൽ പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ മാത്രമാണ് ഇപ്പോൾ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് സ്റ്റോപ്പുള്ളത്. തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമായ പീച്ചി ഡാം, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ബനാനാ റിസർച്ച് സ്റ്റേഷൻ, പീച്ചി വാഴാനി വന്യമൃഗ സങ്കേതം, പീച്ചി ജലവൈദ്യുത പദ്ധതി, നിരവധി സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് ജനങ്ങൾക്ക് വരുന്നതിന് സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് തൃശ്ശൂർ, പാലക്കാട് ദേശീയ പാതയിലെ പട്ടിക്കാട് ഫെയർ സ്റ്റേജ് സ്റ്റോപ്പ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): സർ, ശ്രീ. മാത്യൂ തോമസിന്റെ സബ്മിഷനിൽ തൃശ്ശൂർ-പാലക്കാട് ദേശീയപാതയിലെ പട്ടിക്കാട് കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ചുവരികയാണ്. തൃശ്ശൂരിൽനിന്ന് 35 കിമീ. ദൂരമാണ് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത്. തൃശ്ശൂരിനും വടക്കാഞ്ചേരിക്കും ഇടയിലുള്ള പ്രധാനപ്പെട്ട സ്ഥലമാണ് പട്ടിക്കാട്. ഹൈവേയിൽ നിന്ന് പീച്ചിഡാം ആണ് പ്രധാനപ്പെട്ട ജംഗ്ഷൻ. യാത്രക്കാർ അധികംപേരും ഇറങ്ങുന്ന സ്ഥലംകൂടിയാണ്. നിലവിൽ സ്റ്റോപ്പില്ല എന്നുള്ളത് പരിഗണിക്കുന്നതിനും ഫെയർ സ്റ്റേജ് അനുവദിക്കുന്ന കാര്യത്തിലും നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY